# ജീവത്യാഗം

## മർക്കൊസ് 08:35

"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും."

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിൽ ഒട്ടുമിക്കപേരും തന്നെ തങ്ങളുടെ ജീവിതം കെട്ടുപ്പടുക്കുവാൻ വേണ്ടി തത്രപ്പെട്ട് ഓടുന്നവരാണ്. സമ്പത്ത് നേടിയാൽ ജീവിതം രക്ഷപ്പെട്ടു എന്നു കരുതി ആശ്വസിക്കുന്നവരാണ് അധികവും. എന്തു വന്നാലും പണം തങ്ങളെ സഹായിക്കും എന്നൊരു ചിന്താഗതിയാണ് പലർക്കും. ദൈവത്തെ അന്വേഷിക്കാനോ ദൈവഹിതപ്രകാരം ജീവിതം നയിക്കാനോ ആരും ആഗ്രഹിക്കുന്നില്ല. മാത്രമല്ല അങ്ങനെ ജീവിക്കുന്നവരെ കാണുമ്പോൾ പരിഹസിക്കുകയും ചെയ്യുന്നു. അവനെ ഒരു മണ്ടൻ എന്ന് മുദ്ര കുത്തുന്നു. എന്നാൽ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു ലോകപ്രകാരം നീ മരിച്ചവനായി ജീവിച്ചാൽ നിത്യജീവനായി നീ ഒരുക്കപ്പെടുമെന്ന്. നശ്വരമായ ഈ ലോകത്തിന്റെ സുഖലോലുപത അല്ല നമ്മെ ജീവിക്കുവാനായി പ്രേരിപ്പിക്കേണ്ടത്, മറിച്ച് ദൈവത്തോടൊത്തുള്ള വാസത്തിനായി നാം ഒരുങ്ങണം, അത് സ്വപ്നം കാണണം. അങ്ങനെയെങ്കിൽ യേശു നമ്മെ കാണിച്ചു തന്ന മാർഗ്ഗത്തിൽ ജീവിക്കണം, ജീവിതത്തെ ക്രമപ്പെടുത്തണം.

എന്റെ നിത്യജീവനെ നഷ്ടപ്പെടുത്തി കളയുന്നതൊന്നും എന്റെ ജീവിതത്തിൽ ഞാൻ വിലമതിക്കില്ല എന്ന് ഉറപ്പിക്കണം. ഇങ്ങനെ നാം ജീവിച്ചില്ല എങ്കിൽ അവന്റെ വചനത്തെയും, അവനെയും കുറിച്ച് നാണിച്ചാൽ "തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ" നമ്മെക്കുറിച്ചും അവൻ നാണിക്കും എന്ന് നാം ഓർക്കണം. ലോകത്തോട് വേർപ്പെട്ട് ജീവിച്ചാൽ ലോകക്കാർ എന്ത് വിചാരിക്കും എന്നുള്ളതായിരിക്കരുത് നമ്മുടെ ചിന്ത. ലോകത്തോടുള്ള സ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു. അത് കൊണ്ട് രണ്ടും ഒരു പോലെ കൊണ്ടു പോകാനും നമുക്ക് കഴിയില്ല. "ഒരുവൻ സർവ്വ ലോകവും നേടീട്ട് തന്റെ ജീവനെ കളഞ്ഞാൽ എന്തു പ്രയോജനം" എന്ന് വചനം നമ്മോട് ചോദിക്കുന്നു. അതിനെ നഷ്ടമാക്കിയാൽ എന്തൊരു മറുവില നാം കൊടുക്കും.

അതു കൊണ്ട് നമുക്കും തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് കൊണ്ട് അവനെ അനുഗമിക്കുന്നവരാകാം. ഒരിക്കലും പിന്തിരിഞ്ഞ് നോക്കാതെ ലക്ഷ്യത്തിലേക്ക് അടുക്കുന്നവരാകാം. അതിനായി പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കാം. അവനിലുള്ള വിശ്വാസത്തിൽ അനുദിനം വളരാം. ജീവിതം ഒരു ബലിയായി അവന്റെ മുമ്പിൽ സമർപ്പിക്കാം.

**പരാമർശം**

ഫിലിപ്പ്യർ 2:17–18

"എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും, നിങ്ങളോടും എല്ലാവരോടും കൂടെ സന്തോഷിക്കും. അങ്ങനെ തന്നെ നിങ്ങളും സന്തോഷിപ്പിൻ. എന്നോടു കൂടെ സന്തോഷിപ്പിൻ"

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 039**